# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1388** **13/06/2014**-ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണം

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി:

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണത്തിനായി കലാമണ്ഡലത്തെ ചുമതലപ്പെടുത്തിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ ; | (എ) ആന്റ് (ബി) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിനായി 8 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്യുന്നതിനായി കേരള കലാമണ്ഡലത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 4 ലക്ഷം രൂപ കലാമണ്ഡലത്തിന് മുൻകൂറായി 2014 ജനുവരി മാസത്തിൽ നൽകിയിട്ടുണ്ട്. കഥകളി രൂപങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഥകളി ചമയങ്ങളുടെ മരപ്പണികളും ആടയാഭരണ അലങ്കാരാദികളും പൂർത്തിയാക്കി വരുന്നു. കലാമണ്ഡലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |
| (ബി) | നവീകരണം പൂർത്തീകരിച്ച് മ്യൂസിയം പൂർണമായും പ്രവർത്തന സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | | |

Saradadevi
സെക്ഷൻ ഓഫീസർ